
# ശ്രീ വിവേകാനന്ദ ഹൈസ്കൂൾ

## പുല്ലാട്




# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

# ഉള്ളടക്കം

അടിസ്ഥാന വിവരങ്ങൾ
ആമുഖം
ലക്ഷ്യങ്ങൾ
ചരിത്രം
വിദ്യാലയ- മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ
വിദ്യാലയ പ്രൊഫൈൽ
ആറാം പ്രവൃത്തിദിനകണക്ക്
വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ
പി. ടി. എ. ഭാരവാഹികൾ
എം. പി. ടി. എ.
മറ്റു സമിതികൾ, ഭാരവാഹികൾ
പ്രാദേശിക വിഭവങ്ങൾ
വിദ്യാലയമികവുകൾ
എസ്. എസ്. എൽ. സി. ക്ലാസ്സുകളിലെ പഠന നിലവാരം
ജി. എസ്. എസ്. സ്കോളർഷിപ്പുകൾ
മറ്റു സ്കോളർഷിപ്പുകൾ
വിവിധ ലാബുകൾ, ലൈബ്രറി, വായനമുറി പ്രയോജനപ്പെടു
ത്തൽ
സയൻസ് ലാബ്
ഐ. റ്റി. ലാബ്
ലൈബ്രറി
തനതുപ്രവർത്തനങ്ങൾ
ഭൗതികം
പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ
പരിമിതികൾ
ഉപസംഹാരം

# ലക്ഷ്യങ്ങൾ

1. ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

2. കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതീക സാഹചര്യങ്ങളും ഒരുക്കികൊടുക്കുക.

3. കുട്ടികളുടെ മികവിന്റെ സമസ്തമേഖലകളുടെയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക.

4. വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്ക്കരണം അർത്ഥപൂർണ്ണമാക്കുക.

5. പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും ആവിഷ്ക്കരിക്കുക.

6. പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.

7. ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

8. മുഴുവൻ ക്ലാസ്സുകളിലും ഐ.സി. ടി. സാധ്യത ഉറപ്പുവരുത്തുക.

9. ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.

10. പ്ലാസ്ററിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം പ്രാവർത്തികമാക്കുക.

11. പഠനപിന്നോക്കാവസ്ഥ പരിഹരിക്കാനാവശ്യമായ പഠനതന്ത്രങ്ങൾ ഒരുക്കുക.

12. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.

13. കലാകായിക വിദ്യാഭ്യാസത്തിന് ഊന്നൽ നല്കുക.

14. ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

15. സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

# അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ശ്രീ. വിവേകാനന്ദ ഹൈസ്കൂൾ, പുല്ലാട് |
| 2. | വിലാസം | : | പുല്ലാട് പി. ഒ., തിരുവല്ല |
| | | | പത്തനംതിട്ട- 689 548 |
| | ഫോൺ | : | 0469- 2660311 |
| 2. | സ്കൂൾ കോഡ് | : | 37036 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | പുല്ലാട് |
| 4. | വിദ്യാഭ്യാസ ജില്ല | : | തിരുവല്ല |
| 5. | റവന്യൂ ജില്ല | : | പത്തനംതിട്ട |
| 6. | ബി. ആർ. സി. | : | പുല്ലാട് |
| 7. | സി. ആർ. സി. | : | പുല്ലാട് |
| 8. | ഗ്രാമപഞ്ചായത്ത് | : | കോയിപ്പുറം |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : | കോയിപ്പുറം |
| 10. | ജില്ലാ പഞ്ചായത്ത് | : | പത്തനംതിട്ട |
| 11. | നിയമസഭാ മണ്ഡലം | : | ആറൻമുള |
| 12. | ലോകസഭാമണ്ഡലം | : | പത്തനംതിട്ട |
| 13. | താലൂക്ക് | : | തിരുവല്ല |
| 14. | വില്ലേജ് | : | കോയിപ്പുറം |
| 15. | ഇ-മെയിൽ | : | hmsvhs@gmail.com |

# ആമുഖം

പത്തനംതിട്ട ജില്ലയിൽ തിരുവല്ലാ താലൂക്കിൽ കോയിപ്രം പഞ്ചായത്തിൽ പുല്ലാട് എന്ന ഗ്രാമത്തിൽ കോഴഞ്ചേരി കോട്ടയം റോഡിന്റെ കിഴക്കുവശത്തായി ശ്രീ വിവേകാനന്ദ ഹൈസ്കൂൾ സ്ഥിതിചെയ്യുന്നു. ചരിത്രപരവും ഐതിഹ്യപര വുമായ പെരുമയേറുന്ന നാടാണിത്. ഒരു കാലത്ത് മേച്ചിൽ പുല്ല് വളർത്തയിരുന്ന കാടായിരുന്നു ഈ പ്രദേശം. പിന്നീട് പുല്ല് കാട് ലോപിച്ച് പുല്ലാടായി എന്നാണ് ഐതീഹ്യം. നാടിന്റെ ചരിത്രം തന്നെ സ്കൂൾ സ്ഥാപകനുമായി ഉറ്റ ബന്ധം പുലർത്തുന്നു. അധഃസ്ഥിതരുടെ വിദ്യാസമ്പാദനവുമായി ബന്ധപ്പെട്ട് സർക്കാർ രേഖകളിൽ കടന്നുകയറിയ ഒരു വിപ്ലവകരമായ സംഭവമായിരുന്നു. പുല്ലാട് ലഹള. ഈ സാമൂഹ്യ വിപ്ലവത്തിൽ സ്വജനങ്ങളെപ്പോലും എതിർത്തുകൊണ്ട് അവർണ്ണ രുടെ ചേരിയിൽ ഉറച്ചുനിന്ന് കച്ചമുറുക്കി അങ്കം കുറിച്ചത് സ്കൂൾ സ്ഥാപകനായ ശ്രീ വൈദ്യൻ എൻ. നാരായണപണിക്കർ അവർകളായിരുന്നു. പ്രാചീന കലക ളായ പടയണിയുടേയും വേലകളിയുടേയും ഈറ്റില്ലം കൂടിയാണ് പുല്ലാട് സ്കൂളിന് സമീപത്തായി കോയിപ്രം ഗ്രാമപഞ്ചായത്താഫീസ്, കോയിപ്രം വില്ലേജാഫീസ്, കോയിപ്രം ബ്ലോക്ക് പഞ്ചായത്താഫീസ്, കോയിപ്രം പോലീസ് സ്റ്റേഷൻ എന്നിവ കൂടാതെ അനേകം വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും മറ്റു വ്യാപാര സ്ഥാപനങ്ങളും ഉണ്ട്.

## ലക്ഷ്യങ്ങൾ

1. ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.

2. കുട്ടികളുടെ മികവിന്റെ സമസ്ത മേഖലകളുടേയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക.

3. വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്ക്കരണം അർത്ഥപൂർണ്ണമാക്കുക.

4. മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.

5. സ്കൂൾ കുട്ടികൾക്ക് കൗൺസിലിങ്ങ് സൗകര്യം ഉണ്ടാക്കുക.

# ചരിത്രം

**ശ്രീ വിവേകാനന്ദ ഹൈസ്കൂൾ പുല്ലാട്**

തിരുവല്ലാ താലൂക്കിലെ കിഴക്കൻ ഗ്രാമങ്ങളിലൊന്നായ പുല്ലാട് പടിഞ്ഞാറ്റേതിൽ വീട്ടിൽ 27/2/ 1889 ലാണ് ശ്രീ വിവേകാനന്ദാ ഹൈസ്കൂളിന്റെ സ്ഥാപകാചാര്യനായ വൈദ്യൻ പുല്ലാട്ട് എൻ. നാരായണപ്പണിക്കർ ജനിച്ച്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം സ്വന്തം ശ്രമഫലമായി ആയുർവേദം പഠിച്ച് നല്ല വൈദ്യനെന്നനിലയിൽ പ്രശസ്തിയാർജ്ജിച്ചു. സ്വന്തം നാടിന്റെ അഭിവൃദ്ധിയ്ക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ച അദ്ദേഹം വിദ്യാഭ്യാസമേഖലയിലും കർമ്മനിരതനായിരുന്നു. അധ്യാപകൻ കൂടിയായിരുന്ന അദ്ദേഹം നാട്ടുകാർക്ക് കാലോചിതമായി ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കണമെന്ന ലക്ഷ്യത്തോടെ 1921 മെയ് 23ന് ഈ സ്കൂൾ സ്ഥാപിച്ചു. കുറേ വർഷം മിഡിൽ സ്കൂളായി പ്രവർത്തിച്ച ഈ സ്ഥാപനം 1947 ജനുവരി 22 ന് ഹൈസ്കൂളായി ഉയർന്നു.

ശ്രീവിവേകാനന്ദസ്വാമികളുടെ ശാശ്വതസ്മരണ നിലനിർത്തണമെന്ന ഉദ്ദേശത്തോടെ ശ്രീവിവേകാനന്ദാ ഇംഗ്ലീഷ് സ്കൂൾ എന്നാണ് സ്കൂളിന്റെ ആദ്യനാമകരണം. 30 വിദ്യാർത്ഥികളെ ചേർത്ത് ആരംഭിച്ച സ്കൂൾ പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങി. എന്നാൽ സ്കൂളിന്റെ അംഗീകാരം പിൻവലിച്ച സാഹചര്യത്തിൽ തളരാതെ ചങ്ങനാശ്ശേരി പരമേശ്വരപിള്ളയോടൊപ്പം മാനേജർ  തിരുവനന്തപുരത്തെത്തി ദിവാനെ കണ്ടു.  ദിവാൻ ശ്രീരാഘവയ്യ തന്നെ ഇൻസ്പെക്ടർ ശ്രീ നാരായണയ്യരും എഞ്ചിനീയർ ജോൺ കുര്യനുമൊപ്പം സ്കൂൾ സന്ദർശിക്കുകയും കെട്ടിടം പരിശോധിച്ച് തുടർന്നു പ്രവർത്തിക്കുവാൻ അനുവാദം നൽകുകയും ചെയ്തു. അതുപ്രകാരം 21-05-1923 ൽ തേർഡ് ഫോറം ആരംഭിച്ച് ഈ വിദ്യാലയം ഒരു മിഡിൽ സ്കൂളായി ഉയർന്നു.

പ്രഗത്ഭരും പ്രശസ്തരുമായ അധ്യാപകരുടെ ആത്മാർത്ഥ സേവനം വിദ്യാലയത്തെ മധ്യതിരുവിതാംകൂറിലെ മാതൃകാവിദ്യാലയം എന്ന പ്രശസ്തിയിലെത്തിച്ചു. സ്കൂളിന്റെ ആരംഭം മുതൽ വിനോദയാത്രകൾ, കായിക വിനോദങ്ങൾ, നാടകാഭിനയം എന്നിങ്ങനെ പാഠ്യപാഠ്യേതരവിഷയങ്ങളിൽ പ്രശസ്തികൈവരിക്കുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞു.

കുട്ടികൾക്ക് മതബോധം നൽകുന്നതിൽ മാനേജർ താല്പര്യം പ്രകടിപ്പിച്ചിരുന്നു. അതിനായി മതപ്രഭാഷണങ്ങൾ നടത്തിച്ചിരുന്നു. 1946-ലാണ് ഈ വിദ്യാലയം ഹൈസ്കൂളായി ഉയർത്തുന്നതിനുവേണ്ട ശ്രമം ആരംഭിച്ചത്. ആ കാലയളവിൽ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. രാമൻപിള്ളയുടെ പരിശ്രമഫലമായി അന്നത്തെ വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. എ. എൻ.തമ്പി വിദ്യാലയം സന്ദർശിച്ച് ഹൈസ്കൂളായി ഉയർത്തുവാനുള്ള അനുവാദം ലഭിച്ചു.

1949 വിദ്യാലയവർഷാരംഭത്തിൽ എല്ലാ ക്ലാസ്സുകളും ഉള്ള ഒരു സമ്പൂർണ്ണ ഹൈസ്കൂളായി. 1950 മാർച്ചിൽ ആദ്യബാച്ച് ESSLC പരീക്ഷയ്ക്കു 90% കുട്ടികളും വിജയിച്ചു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന റ്റി. കെ. നാരായണപിള്ള മന്ത്രിമാരായ പനമ്പള്ളി ഗോവിന്ദമേനോൻ, ഈ-ജോൺ ഫിലിപ്പോസ് എന്നിവർക്ക് സ്കൂളിൽ ഗംഭീര സ്വീകരണം നൽകിയിട്ടുണ്ട്.

കൂടാതെ ജവഹർലാൽ നെഹ്റു, കർദ്ദിനാൾ ടിസന്റ് കേന്ദ്രമന്ത്രി സ്റ്റാൻലി ജോൺസ് ആചാര്യ കൃപലാനി തുടങ്ങിയ മഹാവ്യക്തികളും ഈ സ്കൂൾ സന്ദർശിച്ചിട്ടുണ്ട്. 1967 ഡിസംബർ 18ന് മാനേജ് വൈദ്യൻ എൻ. നാരായണപ്പണിക്കർ ദിവംഗതനായപ്പോൾ തൽസ്ഥാനത്ത് അദ്ദേഹത്തിന്റെ സീമന്തപുത്രി ഡോ. ചന്ദ്രികാംബ മാനേജരായി സ്ഥാനമേറ്റെടുത്തു. ഡോ. ചന്ദ്രികാംബയുടെ നിര്യാണത്തെ തുടർന്ന് സ്ഥാപകന്റെ ദ്വിതീയ പുത്രി ശ്രീമതി ശാന്തമ്മ മാനേജരായി. ശതാബ്ദിയോടടുക്കുന്ന ഈ സ്കൂളിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിൽ ഇപ്പോഴത്തെ മാനേജരും സ്ഥാപകന്റെ ത്രിത്രീയ പുത്രിയുമായ ശ്രീമതി ലളിത ഗോപിനാഥ് ശ്രദ്ധിക്കാറുണ്ട്.

350 ഓളം കുട്ടികളും ഇരുപതിലധികം അധ്യാപകരും അനധ്യാപകരും ഈ സരസ്വതീ വിദ്യാലയത്തിലുണ്ട്. സ്കൂളിന്റെ പ്രവർത്തനത്തിൽ പി. റ്റി. എ. യുടെയും നാട്ടുകാരുടേയും സഹകരണമുണ്ട്.

എങ്കിലും സ്കൂൾ നേരിടുന്ന പല പ്രശ്നങ്ങളുമുണ്ട്. സ്കൂളിന്റെ ഭൗതിക സാഹചര്യം കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഈ വിദ്യാലയത്തിൽ ഹയർസെക്കണ്ടറി വിഭാഗം ഇല്ലെന്നുള്ള പ്രധാന കുറവായി അവശേഷിക്കുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

1. മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെ സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക

2. പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ

4. പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

5. മികവാർന്ന ശേഷികളും ധാരണകളും കുട്ടികൾ ഓരോ ക്ലാസ്സിലും നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുവാനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

1. എസ്. ആർ. ജി. യോഗത്തിൽ പുല്ലാട് ശ്രീ വിവേകാനന്ദ ഹൈസ്കൂളിന്റെ അടുത്ത അഞ്ചു വർഷത്തേക്കുള്ള വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും .
2. വികസനാവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ എ. ആർ. ജി., പി. റ്റി. എ., എം. പി. റ്റി. എ. ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. പി. റ്റി. എ. നേതൃത്വത്തിൽ പദ്ധതി രേഖ ക്രോഡീകരണം.

# വിദ്യാലയ പ്രൊഫൈൽ

## ക്ലാസ്സുകൾ: 5 മുതൽ 10 വരെ (മലയാളം & ഇംഗ്ലീഷ് മീഡിയം)

### അദ്ധ്യാപകർ

| നമ്പർ | പേര് | തസ്തിക | ജനന തീയതി | വിദ്യാഭ്യാസ യോഗ്യതകൾ | സർവ്വീസ് ദൈർഘ്യം | സ്വദേശം | വിലാസം |
|---|---|---|---|---|---|---|---|
| 1 | സുധീർ ചന്ദ്രൻ | എച്ച്.എം | 25.05.1970 | MA,B.Ed,SET | 29 | ചങ്ങനാശ്ശേരി | ശ്രീവിഹാർ<br>പുഴവാത് പി.ഒ.<br>ചങ്ങനാശ്ശേരി |
| 2 | രേണുക ജി. | എച്ച്.എസ്.എ. | 02.02.1970 | MA,B.Ed,SET | 29 | വള്ളംകുളം | ഹരിനിവാസ്<br>വള്ളംകുളം പി.ഒ. |
| 3 | ബിന്ദു കെ. നായർ | എച്ച്.എസ്. | 23.10.1976 | MA,B.Ed, SET | 29 | വെണ്ണിക്കുളം | സുരഭി<br>വെണ്ണിക്കുളം പി.ഒ. |
| 4 | സിന്ധു സി. | എച്ച്.എസ്.എ. | 31.05.1971 | B Sc,B.Ed | 29 | പുല്ലാട് | ലക്ഷ്മിനിവാസ്<br>കുറവൻകുഴി പി.ഒ. |
| 5 | ജയശ്രീ എൻ. | എച്ച്.എസ്.എ. | 24.05.1976 | B Sc,B.Ed | 25 | ഇടപ്പാവൂർ | ഊന്നുപാറയ്ക്കൽ<br>കുറവൻകുഴി പി.ഒ. |
| 6 | സുരേഷ് കുമാർ ജി. | പി.ഇ.ടി. | 31.05.1971 | SSLC, CPED | 23 | ഓച്ചിറ | പാലിപ്പിഴേത്ത് ഓച്ചിറ പി.ഒ. |
| 7 | ശ്രീലത കെ.ജി. | യു.പി.എസ്.എ. | 25.05.1970 | | 30 | റാന്നി | ശ്രീശൈലം, റാന്നി പി.ഒ. |

| നമ്പർ | പേര് | തസ്തിക | ജനന തീയതി | വിദ്യാഭ്യാസ യോഗ്യതകൾ | സർവ്വീസ് ദൈർഘ്യം | സ്വദേശം | വിലാസം |
|---|---|---|---|---|---|---|---|
| 12. | ജയലക്ഷ്മി പി. (DBHS പരുമലയിൽ പുനർവിന്യസിച്ചിരിക്കുന്നു) | എച്ച്.എസ്.റ്റി. | 03.05.1973 | B Sc, B.Ed | 8 | പുല്ലാട് | രശ്മി, പുല്ലാട് പി.ഒ.പുല്ലാട് |
| 13 | അഖിൽദേവ് എ.ജി. | എച്ച്.എസ്.റ്റി. | 02.03.1992 | B Sc, B.Ed | 4 വർഷം | കൊല്ലം | അഖിൽ നിവാസ്, ഇടയ്ക്കിടം പി.ഒ. |
| 14 | രോഹിത്ത് കെ. | എച്ച്.എസ്.റ്റി. | 31.05.1996 | BA, B.Ed | 2 വർഷം | കോട്ട | ശ്രീപുരം, കോട്ട പി.ഒ. കാരക്കാട്, ചെങ്ങന്നൂർ |
| 15 | ശ്രീജ എസ്.നായർ | യു.പി.എസ്.റ്റി. | 19.05.1980 | B Sc, B.Ed | 6 വർഷം | പുല്ലാട് | ശ്രീസദനം, കുറിയന്നൂർ പി.ഒ. |
| 16 | അഖിൽ എസ്.എൽ. | എൽ.ജി.സംസ്കൃത ടീച്ചർ | 26.07.1991 | Plus Two Rashtriya Sanskrit Santhan | 8 വർഷം | കൊല്ലം | അഖിൽ വിഹാർ കരീപ്ര, കൊല്ലം |
| 17 | സുരഭി സദാശിവൻ | എച്ച്.എസ്.റ്റി. | 08.06.1990 | MA, B.Ed M.Ed | 2 വർഷം | കോയിപ്രം | ഇലവങ്ങാട്, നെല്ലിക്കൽ, കോയിപ്രം പി.ഒ. |
| 18 | അനന്തു എസ്. | യു.പി.എസ്.റ്റി. | 24.05.1996 | MSW,B.Ed | 1 വർഷം | കോന്നി | പുളിമൂട്ടിൽ, പയ്യനാമൺപി.ഒ. കോന്നി, അരിക്കൽ |
| 19 | അനഘ രാജ് | യു.പി.എസ്.റ്റി. | 15-09-1998 | MSC, MED | 2 മാസം | പുല്ലാട് | ശ്രീകൃഷ്ണ നിലയം, പുല്ലാട് |

| Total | | | | | | | | |
|---|---|---|---|---|---|---|---|---|
| | SC | ST | OEC | OBC | Gen | Boy | Girl | Total |
| 5A | 8 | 1 | 8 | 1 | 1 | 11 | 8 | 19 |
| B | 5 | 0 | 2 | 6 | 5 | 6 | 12 | 18 |
| 6A | 8 | 0 | 2 | 3 | 1 | 9 | 5 | 14 |
| B | 13 | 0 | 4 | 4 | 8 | 4 | 16 | 30 |
| 7A | 1 | 1 | 6 | 5 | 0 | 7 | 6 | 13 |
| B | 8 | - | 5 | 5 | 7 | 9 | 16 | 25 |
| 8A | 7 | 1 | 2 | 4 | 6 | 9 | 11 | 20 |
| B | 13 | 0 | 3 | 13 | 8 | 24 | 13 | 37 |
| C | 15 | 0 | 7 | 10 | 20 | 26 | 26 | 52 |
| 9A | 11 | 0 | 3 | 5 | 4 | 11 | 12 | 23 |
| B | 15 | 0 | 7 | 16 | 13 | 27 | 24 | 51 |
| 10A | 12 | 1 | 7 | 6 | 4 | 15 | 15 | 30 |
| B | 14 | 1 | 9 | 8 | 19 | 28 | 23 | 51 |
| | | | | | | | | 331 |

## അനദ്ധ്യാപകർ, വിശദാംശങ്ങൾ

| നം. | പേര് | തസ്തിക | ജനനതീയതി | വിദ്യാഭ്യാസ യോഗ്യതകൾ | സർവ്വീസ് ദൈർഘ്യം | സ്വദേശം | വിലാസം |
|---|---|---|---|---|---|---|---|
| 1. | ശ്രീജിത്ത് ജി. | ക്ലർക്ക് | 20.05.1977 | B.Com | 25 വർഷം | പുല്ലാട്<br>കുറുങ്ങഴ പി. | നെടിയകാലായിൽ |
| 2. | ബിജു ടി.നായർ | ഒ.എ. | 31.05.1972 | SSC | 19 വർഷം | ഇലന്തൂർ | തുളുകാല കോയിക്കൽ<br>ഇലന്തൂർ |
| 3. | അഞ്ജലി ചന്ദ്രൻ | ഒ.എ. | 26.09.1987 | M.Com | 2 വർഷം | പുല്ലാട് | |
| 4. | പ്രശാന്ത്കുമാർBS | എഫ്.റ്റി.എം. | 15.05.1981 | SSLC Faild | 2 വർഷം | വെള്ളാപ്പള്ളി | കുഴുവിള പടിഞ്ഞാറ്റേതിൽ<br>മൈനാഗപ്പള്ളി പി.ഒ. |

## മറ്റ് സമിതികൾ, ഭാരവാഹികൾ

| | | | |
|---|---|---|---|
| 1. | സയൻസ് ക്ലബ് | | |
| | കൺവീനർ, JRC | : | ശ്രീമതി സിന്ധു സി. |
| 2. | സോഷ്യൽ സയൻസ് ക്ലബ് | | |
| | കൺവീനർ | : | സുരഭി സദാശിവൻ |
| 3. | മാത്സ് ക്ലബ് , SITC | | |
| | കൺവീനർ | : | ശ്രീ. അഖിൽ ദേവ് എ.ജി. |
| 4. | ഐ.ടി.ക്ലബ് | | |
| | കൺവീനർ | : | ശ്രീമതി ജയശ്രീ എൻ. |
| 5. | വിദ്യാരംഭം ക്ലബ് | | |
| | കൺവീനർ | : | ശ്രീമതി ജി.രേണുക |
| 6. | പരിസ്ഥിതി ക്ലബ് | | |
| | കൺവീനർ | : | ശ്രീ.സുരേഷ്കുമാർ ജി. |
| 7. | ലൈബ്രറി | | |
| | ലൈബ്രേറിയൻ | : | ശ്രീമതി രേണുക ജി. |
| 8. | ഫിലിം ക്ലബ്ബ് | : | ശ്രീ. അഖിൽ എസ്. എൻ. |
| 9. | എസ്. പി. സി. | : | ശ്രീമതി സുരഭി സദാശിവൻ |
| | | | ശ്രീ.രോഹിത് കെ. |
| 10. | ലഹരി വിമുക്ത ക്ലബ്, | : | സുരേഷ് കുമാർ ജി. |
| | ഹരിതക്ലബ് | | |
| 11. | സ്കൂൾ സുരക്ഷാസമിതി | : | ബിന്ദു കെ.നായർ |
| 12. | ബാലജനസഖ്യം മുഖ്യസഹകാരി | : | ശ്രീ.അനന്ദു എസ്. |
| 13. | എസ്.ആർ.ജി. കൺവീനർ | : | രാജി ഉണ്ണികൃഷ്ണൻ |
| 14. | സ്റ്റാഫ് സെക്രട്ടറി | : | ബിന്ദു കെ.നായർ |

## പ്രാദേശിക വിഭവങ്ങൾ

ബി.ആർ.സി.പുല്ലാട്, കൃഷിഭവൻ പുല്ലാട്, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, വാണിജ്യബാങ്കുകൾ, ഗ്രന്ഥശാല, സീഡ് ഫാം

## വിദ്യാലയ മികവുകൾ

### അക്കാദമികം

എസ്.എസ്.എൽ.സി. ക്ലാസ്സുകളിലെ പഠന നിലവാരം

| വർഷം / വിഷയം | A+, A, B+ നേടിയവരുടെ എണ്ണം (ശതമാനത്തിൽ) | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | മലയാളം | ഇംഗ്ലീഷ് | ഹിന്ദി | സോഷ്യൽ സയൻസ് | ഫിസിക്സ് | കെമിസ്ട്രി | ബയോളജി | ഗണിതം | ഐ.ടി. |
| 2020–21 | 42 | 15 | 38 | 20 | 37 | 55 | 60 | 15 | 68 |
| 2021–22 | 88 | 22 | 55 | 23 | 49 | 68 | 85 | 25 | 106 |
| 2022–23 | 65 | 18 | 48 | 23 | 38 | 63 | 70 | 20 | 80 |
| 2023–24 | 60 | 23 | 32 | 36 | 36 | 51 | 48 | 30 | 72 |
| 2024–25 | 58 | 25 | 40 | 32 | 45 | 64 | 80 | 28 | 70 |

## യു.എസ്.എസ്. സ്കോളർഷിപ്പുകൾ

| വർഷം | യു.എസ്.എസ്. സ്കോളർഷിപ്പ് നേടിയവർ | |
|---|---|---|
| | പങ്കെടുത്തവർ | സ്കോളർഷിപ്പ് നേടിയവർ |
| 2020–21 | 12 | 1 |
| 2021–22 | 10 | 1 |
| 2022–23 | 12 | 0 |
| 2023–24 | 8 | 0 |
| 2024–25 | 15 | 3 |

## മറ്റ് സ്കോളർഷിപ്പുകൾ

- മുസ്ലീം/നാടാർ/ഒ.ബി.സി./ബി.പി.എൽ. സ്കോളർഷിപ്പ്
- ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്
- മൈനോരിറ്റി പ്രീമെട്രിക് സ്കോളർഷിപ്പ്
- ഐ.ഇ.ഡി.എസ്. സ്കോളർഷിപ്പ്
- സ്നേഹപൂർവ്വം പദ്ധതി
- മാനേജ്മെന്റും, മുൻ അധ്യാപകരും, അഭ്യുദയകാംഷികളും നൽകുന്ന സ്കോളർഷിപ്പുകൾ

## വിവിധ ലാബുകൾ, ലൈബ്രറി, വായനാമുറി പ്രയോജനപ്പെടുത്തൽ

**സയൻസ് ലാബ്**

- പരീക്ഷണ നിരീക്ഷണങ്ങൾ

**ഐ.റ്റി ലാബ്**

- പഠന വിഷയങ്ങൾ - ഐ.റ്റി. അധിഷ്ഠിതം

**ലൈബ്രറി**

- പുസ്തകങ്ങൾ കുട്ടികൾ സ്വയം തിരഞ്ഞെടുക്കുന്നു
- പ്രത്യേക രജിസ്റ്റർ
- വായനാകുറിപ്പ്

**തനതു പ്രവർത്തനങ്ങൾ**

- ഗൃഹ സന്ദർശനം
- അക്ഷര ചെപ്പ് (മലയാളം അക്ഷരം ഉറപ്പിക്കൽ)

## സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
### വിദ്യാർത്ഥികളുടെ അംഗസംഖ്യ
### വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര്: Pathanamthitta | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | S. V. H. S. Pullad |
| 2 | വിലാസം | Pullad |
| 3 | ഫോൺ നമ്പർ | 04692660311 |
| 4 | ഇ-മെയിൽ വിലാസം | hmsvhs@gmail.com |
| 5 | സ്കൂൾ കോഡ് | 37036 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ്/അൺഎയിഡഡ് | Aided |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ്) | ആരംഭം: 5 അവസാനം: 10 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Pullad |
| 11 | വിദ്യാഭ്യാസ ജില്ല | Tiruvalla |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1921 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Aranmula |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Pathanamthitta * |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | Koipuram |
| 17 | താലൂക്ക് | Thiruvalla |
| 18 | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Koipuram |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം)

ആറാം അദ്ധ്യയനദിനം 10 ജൂൺ 2025

വിദ്യാർത്ഥികളുടെ എണ്ണം

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ബി .സി | | | മറ്റുള്ളവ | | | എ. പി. എൽ | | | ബി. പി. എൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 2 | 17 | 20 | 37 | 7 | 6 | 13 | 1 | 0 | 1 | 0 | 0 | 0 | 5 | 6 | 11 | 4 | 3 | 7 | 0 | 5 | 5 | 2 | 4 | 6 | 15 | 16 | 31 |
| 6 | 2 | 22 | 22 | 44 | 9 | 12 | 21 | 0 | 1 | 1 | 0 | 0 | 0 | 6 | 6 | 12 | 4 | 2 | 6 | 3 | 1 | 4 | 4 | 5 | 9 | 18 | 17 | 35 |
| 7 | 2 | 16 | 23 | 39 | 3 | 6 | 9 | 1 | 0 | 1 | 0 | 0 | 0 | 5 | 8 | 13 | 4 | 5 | 9 | 3 | 4 | 7 | 4 | 10 | 14 | 12 | 13 | 25 |
| 8 | 2 | 33 | 24 | 57 | 10 | 10 | 20 | 0 | 1 | 1 | 0 | 1 | 1 | 9 | 4 | 13 | 12 | 4 | 16 | 2 | 4 | 6 | 11 | 7 | 18 | 22 | 17 | 39 |
| 9 | 2 | 38 | 36 | 74 | 16 | 10 | 26 | 0 | 0 | 0 | 0 | 0 | 0 | 7 | 13 | 20 | 12 | 8 | 20 | 3 | 5 | 8 | 14 | 12 | 26 | 24 | 24 | 48 |
| 10 | 2 | 44 | 38 | 82 | 15 | 12 | 27 | 1 | 1 | 2 | 0 | 1 | 1 | 14 | 13 | 27 | 6 | 6 | 12 | 8 | 5 | 13 | 15 | 13 | 28 | 29 | 25 | 54 |
| ആകെ | | 170 | 163 | 333 | 60 | 56 | 116 | 3 | 3 | 6 | 0 | 2 | 2 | 46 | 50 | 96 | 42 | 28 | 70 | 19 | 24 | 43 | 50 | 51 | 101 | 120 | 112 | 232 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ്, സിക്ക്, ബുദ്ധിസ്റ്റ്, സൊരാഷ്ട്രിയൻസ് (പാഴ്സി )

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 11 | 8 | 19 | 6 | 12 | 18 | 0 | 0 | 0 | 0 | 0 | 0 | 17 | 20 | 37 |
| 6 | 9 | 7 | 16 | 13 | 15 | 28 | 0 | 0 | 0 | 0 | 0 | 0 | 22 | 22 | 44 |
| 7 | 7 | 7 | 14 | 9 | 16 | 25 | 0 | 0 | 0 | 0 | 0 | 0 | 16 | 23 | 39 |
| 8 | 15 | 14 | 29 | 18 | 10 | 28 | 0 | 0 | 0 | 0 | 0 | 0 | 33 | 24 | 57 |
| 9 | 11 | 12 | 23 | 27 | 24 | 51 | 0 | 0 | 0 | 0 | 0 | 0 | 38 | 36 | 74 |
| 10 | 16 | 15 | 31 | 28 | 23 | 51 | 0 | 0 | 0 | 0 | 0 | 0 | 44 | 38 | 82 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | 69 | 63 | 132 | 101 | 100 | 201 | 0 | 0 | 0 | 0 | 0 | 0 | 170 | 163 | **333** |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി. ഹിന്ദി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 6 | 12 | 18 | 11 | 8 | 19 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | 13 | 16 | 29 | 9 | 6 | 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | 9 | 17 | 26 | 7 | 6 | 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 8 | 33 | 24 | 57 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 9 | 38 | 36 | 74 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 10 | 44 | 38 | 82 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 143 | 143 | 286 | 27 | 20 | 47 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :
തീയതി :

ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on August 7, 2025, 2:46 pm

## ഭൗതികം

| | | |
|---|---|---|
| ക്ലാസ്സുമുറികൾ | : | 13 |
| വൈദ്യുതീകരിച്ചത് | : | 13 |
| ശാസ്ത്രലാബ് | : | 1 |
| ഐ.ടി.ലാബ് | : | 1 |
| എ.വി. മുറി | : | 1 |
| ലൈബ്രറി | : | 1 |
| സ്റ്റാഫ് റൂം | : | 1 |
| ഓഫീസ് മുറി | : | 1 |
| എച്ച്.എം.മുറി | : | 1 |
| ഓഡിറ്റോറിയം | : | 0 |

### ശുചിമുറി

| | | |
|---|---|---|
| ആൺകുട്ടികൾ | : | 12 |
| പെൺകുട്ടികൾ | : | 12 |
| അദ്ധ്യാപകർ | : | 1 |
| അദ്ധ്യാപികമാർ | : | 1 |
| പാചകപ്പുര | : | 1 |
| ഊണുമുറി | : | 1 |
| കളിസ്ഥലം | : | 2 |

## പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

| പങ്കെടുത്ത കുട്ടികൾ | | | | | | | |
|---|---|---|---|---|---|---|---|
| ഇനങ്ങൾ / തലം | പ്രവർത്തി | ശാസ്ത്രം പരിചയം | സാമൂഹ്യ | ഗണിതം ശാസ്ത്രം | ഐ.റ്റി. | കലോത്സവം | കായികം |
| സബ് ജില്ല | | | | | | | |
| ജില്ല | | | | | | | |
| സംസ്ഥാനം | | | | | | | |

# വിദ്യാലയത്തിന്റെ മികവുകൾ, പരിമിതികൾ

## മികവുകൾ

- സ്റ്റുഡന്റ് പോലീസ് കേഡറ്റ്(എസ്.പി.സി.)
- ജൂനിയർ റെഡ് ക്രോസ്
- പ്രവൃത്തി പരിചയ മേളകൾ, കേരളാ സ്കൂൾ കലോത്സവം എന്നിവയിൽ മികച്ച വിജയം
- സംസ്ഥാന സ്കൂൾ കായിക മേളയിൽ 2016, 2017 വർഷങ്ങളിൽ മാസ്റ്റർ ഭരത് രാജിന് സ്വർണ്ണം
- കേരളാ സ്കൂൾ കലോത്സവം 2016, 2017 വർഷങ്ങളിൽ കുമാരി പല്ലവി ആർ. നായർ (മോഹിനിയാട്ടം, കേരള നടനം) എ ഗ്രേഡ്
- 2024-25 കേരളാ സ്കൂൾ കലോത്സവം സംസ്ഥാന തലത്തിൽ വസുദേവ് വി.ശേഖറിന് എ ഗ്രേഡ് (ഭരകനാട്യം, നാടോടി നൃത്തം, കേരള നടനം എന്നവയ്ക്ക് - എച്ച്.എസ് വിഭാഗം)
- 2024-25 സംസ്ഥാന പ്രവർത്തി പരിചയ മേളയിൽ ഇടിക്കുള മാത്യുവിന് എ ഗ്രേഡ് (എച്ച്. എസ്. വിഭാഗം)
- 2024-25 ജില്ലാതല കലോത്സവത്തിൽ യു.പി വിഭാഗത്തിൽ ഇഷാനി ആർ.നായർക്ക് എ ഗ്രേഡ് (ഭരതനാട്യം, നാടോടിനൃത്തം എന്നിവയ്ക്ക്)
- കേരളാ സ്കൂൾ കലോത്സവം 2017 കുമാരി ദുർഗ്ഗ എ. തമിഴ് പദ്യം ചൊല്ലൽ ബി ഗ്രേഡ്
- സംസ്ഥാന സ്കൂൾ പ്രവൃത്തി പരിചയ മേളയിൽ മാസ്റ്റർ അശ്വിരാജിന് എ ഗ്രേഡ്, സംസ്ഥാന സ്കൂൾ ഗണിതശാസ്ത്രമേളയിൽ ആര്യ സതീഷിന് ബി ഗ്രേഡ്
- പരിചയ സമ്പന്നരും സ്നേഹ സമ്പന്നരുമായ അധ്യാപകർ.
- സ്കൂളിന്റെ സമഗ്ര പുരോഗതിക്ക് പ്രവർത്തിക്കുന്ന പി.റ്റി.എ.
- സുസജ്ജമായ ലൈബ്രറി, ഐ.റ്റി. ലാബ്
- തുടർച്ചയായി 15 വർഷം എസ്.എസ്.എൽ.സി.യ്ക്ക് 98% വിജയം.
- ഐ.റ്റി. അധിഷ്ഠിത പഠനം
- എസ്.ആർ.ജി., ആർ.പി. അധ്യാപകർ (റിസോർസ് അധ്യാപകർ)
- ബി.ആർ.സി.യുടെ സാമീപ്യം, ഇടപെടലുകൾ
- മികച്ച യാത്രാ സൗകര്യം, വാണിജ്യ ബാങ്കുകൾ
- കൃഷിഭവൻ, ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ, കാർഡ്

  കൃഷി വിജ്ഞാന കേന്ദ്രം എന്നിവയുടെ സാമീപ്യം ഇടപെടലുകൾ
- സ്മാർട്ട് ക്ലാസ്സ് മുറികൾ
- പൂർവ്വ വിദ്യാർത്ഥി ഭരത് രാജ് 2025ൽ ജർമ്മനിയിൽ നടന്ന വേൾഡ് യൂണിവേഴ്സിറ്റി അത്‌ലറ്റിക് മീറ്റിൽ ഹൈ ജംപിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.
- പൂർവ്വ വിദ്യാർത്ഥിനി എ.ദുർഗക്ക് 2025 ൽ എം.ജി.യൂണിവേഴ്സിറ്റിയുടെ എം.എസ്.ഇ Food Technology പരീക്ഷയിൽ 3-ാം റാങ്ക്

## മികവ്

സ്കൂൾ ഐ.റ്റി.ക്ലബ്, ലിറ്റിൽ കൈറ്റ്സ് 2018 മുതൽ വിവരസാങ്കേതിക വിദ്യ റോബോട്ടിക്സ്, ആനിമേഷൻ രംഗത്ത് സ്റ്റേറ്റ് തലത്തിൽ പങ്കെടുത്ത്. 9 ബി മാധവ് മനു ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. 2023-24, 23-24, 24-25 കലോത്സവത്തിൽ സബ്ജില്ലാതലത്തിൽ മികച്ച വിജയം നേടി. 2024-25 ജില്ലാ തല സ്കൂൾ കലോത്സവത്തിൽ യു.പി വിഭാഗത്തിൽ ഇഷാനി ആർ.നായർക്ക് നാടോടിനൃത്തം, ഭരതനാട്യം എന്നിവയിൽ എ ഗ്രേഡ്, സംസ്ഥാനതലത്തിൽ വസുദേവ് വി.ശേഖറിന് ഭരതനാട്യം, നാടോടി നൃത്തം, കേരളനടനം എന്നിവയിൽ ഹൈസ്കൂൾ വിഭാഗത്തിൽ എ ഗ്രേഡ്

2024-25 ശാസ്ത്രമേളയുടെ ഭാഗമായുള്ള ഐ.റ്റി. മേളയിൽ മാധവ് മനു (ഐ.റ്റി.ക്വിസ്, ആനിമേഷൻ) അക്ഷയ സന്തോഷ് കുമാർ (ഡിജിറ്റൽ പെയിന്റിംഗ്), ശ്രീനന്ദ എസ്.പണിക്കർ (പ്രസന്റേഷൻ) ഇവർ 1-ാം സ്ഥാനവും ജോഷ്നാ ജോജി (മലയാളം ടൈപ്പിംഗ്) രണ്ടാം സ്ഥാനവും നേടി. എച്ച്.എസ്. വിഭാഗത്തിൽ ഓവർ ഓൾ രണ്ടാം സ്ഥാനം നേടി. 2024-25 പ്രവർത്തി പരിചയവേളയിൽ ഇടിക്കുള മാത്യു സംസ്ഥാന തലത്തിൽ എ ഗ്രേഡ് (എച്ച്.എസ്) നേടി.

## പരിമിതികൾ

- സ്കൂൾ കെട്ടിടത്തിന്റെ പഴക്കം
- ഭാഷാവിഷയത്തിൽ എഴുത്തും വായനയിലുമുള്ള കുട്ടികളുടെ പിന്നോക്കാവസ്ഥ
- കളിസ്ഥലത്തിന്റെ കുറവ്
- ഫിസിക്സ്, കെമിസ്ട്രി. ബയോളജി എന്നിങ്ങനെ വേർതിരിക്കപ്പെട്ട സയൻസ് ലാബിന്റെ അഭാവം
- സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ.
- ഹയർ സെക്കൻഡറി വിഭാഗത്തിന്റെ അഭാവം
- സ്വന്തമായി സ്കൂൾ ബസ് ഇല്ല

**മേഖല : അക്കാദമികം** **ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പഠന നില കണ്ടെത്തൽ(പ്രീടെസ്റ്റ്) നില്ക്കുന്ന കുട്ടികൾ | ഫെബ്രുവരി | ഭാഷാദ്ധ്യാപകൻ, ക്ലാസ്സ് ടീച്ചർ,മുന്നോക്കം | |
| | ചിത്ര സഹായത്താൽ അക്ഷരം, ചിഹ്നങ്ങൾ ഉറപ്പിക്കൽ | | ഭാഷാദ്ധ്യാപകൻ, മറ്റ് അദ്ധ്യാപകർ<br>ഭാഷാദ്ധ്യാപകൻ, മറ്റ് അദ്ധ്യാപകർ | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷര കാർഡ് നൽകൽ | ജൂൺ-ആഗസ്റ്റ് | ഭാഷാദ്ധ്യാപകൻ, മറ്റ് അദ്ധ്യാപകർ | 300 രൂപ |
| | വാക്കുകൾ വാക്യങ്ങൾ നിർമ്മിക്കൽ | | | |
| | ചിത്രങ്ങൾ കാണിച്ച് കഥ പറയൽ, കഥ എഴുത്ത്, കഥാ പുസ്തകങ്ങൾ വായിപ്പിക്കൽ | ആഗസ്റ്റ്- നവംബർ | ഭാഷാദ്ധ്യാപകൻ, ക്ലാസ് ടീച്ചർ,മുന്നോക്കം നില്ക്കുന്ന കുട്ടികൾ | |
| | വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തൽ | | എസ്.ഐ.റ്റി.സി., അദ്ധ്യാപകർ ലിറ്റിൽ കൈറ്റ്സ്, | |
| വായന പരിപോഷിപ്പിക്കൽ | ലൈബ്രറി മെച്ചപ്പെടുത്തൽ<br>1. ക്ലാസ് വായനാക്കൂട്ടം<br>2. ക്ലാസ് ലൈബ്രറി രൂപീകരണം<br>3. പുസ്തക ശേഖരണം<br>4. പത്ര വായന<br>5. വായനാക്കുറിപ്പ്, പതിപ്പ്<br>6. ഇ-വായന<br>7. ശില്പശാലകൾ, ചർച്ചകൾ | ഒരു വർഷം | എസ്.ഐ.റ്റിസി. ലിറ്റിൽ കൈറ്റ്സ്, അദ്ധ്യാപകർ | |
| | ക്ലാസ് മാസിക | ഒരു വർഷം | | 1000 രൂപ |

| | | | | |
|---|---|---|---|---|
| നല്ല എഴുത്ത് | നിർമ്മാണം ചുമർ പത്രിക വായനാ കാർഡ് നിർമ്മാണം | | | |
| സാഹിത്യാ സ്വാദനം | ഭാഷാ ബ്ലോഗ് നിർമ്മാണം | 2 വർഷം | എച്ച്.എം.എസ്.ഐ.റ്റി.സി. ലിറ്റിൽ കൈറ്റ്സ്, അദ്ധ്യാപകർ, പി.റ്റി.എ. | സ്പോൺ സർഷിപ്പ് |
| | പാഠ പുസ്തകവുമായി ബന്ധപ്പെട്ട് പ്രോജക്ട് നിർമ്മാണം | | | |
| | ചിത്രഗ്യാലറി<br>സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, പ്രദർശിപ്പിക്കൽ | | | |

**മേഖല : അക്കാദമികം** **ഉപമേഖല : ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ളീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ (പ്രീ ടെസ്റ്റ്) | ഫെബ്രുവരി അവസാന വാരം | ഇംഗ്ലീഷ് ടീച്ചർ എസ്.ആർ. ജി | 500 രൂപ, പി.റ്റി.എ |
| | പരിമിതികൾ പരിഹരിക്കാൻ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | മെയ് | ഇംഗ്ലീഷ് ടീച്ചർ എസ്.ആർ. ജി | ഒരു കുട്ടിക്ക് 25 രൂപ |
| | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് അദ്ധ്യാപകൻ | - |
| | ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ് | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് അദ്ധ്യാപകൻ | - |
| | ഒരു ദിവസം ഒരു ഭാഷാ പരിപാടി(എല്ലാ ക്ലാസിലും) | പ്രതി ദിനം | ക്ലാസ് അദ്ധ്യാപകൻ എസ്.ആർ. ജി | - |
| | ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി, വായനാ സാമഗ്രികൾ, പത്രം | ഒക്ടോബർ മുതൽ | എച്ച്.എം, ഇംഗ്ലീഷ് ടീച്ചർ എസ്.ആർ. ജി | 8000/- , പി.റ്റി.എ |
| | ഇംഗ്ലീഷ് തീയേറ്റർ | ജനുവരി- മാർച്ച് | ഇംഗ്ലീഷ് ടീച്ചർ, പി.റ്റീഎ | 2000/- |
| | ഇംഗ്ലീഷ് പതിപ്പുകൾ | നവംബർ | ഇംഗ്ലീഷ് ടീച്ചർ, പി.റ്റീഎ | 1000/- , പി.റ്റി.എ |
| | രചനാ ശില്പശാലകൾ | നവംബർ- ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചർ, പി.റ്റീഎ | 5000 /- |

# മേഖല : അക്കാദമികം ഉപമേഖല – ഹിന്ദി

## പ്രവർത്തനത്തിന്റെ പേര് : രോഗ്നി

**പൊതുലക്ഷ്യം :5, 6, 7 ക്ലാസുകളിലെ മുഴുവൻ കുട്ടികളും ഭാഷാ വ്യവഹാര രൂപങ്ങളിൽ ശേഷി നേടുക. പ്രത്യേക മേഖലകളിൽ നൈപുണി വളർത്തുക**

| Sl.No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | എഴുത്ത് | ◆ അക്ഷരം ഉറപ്പിയ്ക്കൽ<br>◆ അക്ഷരക്കട്ട നിർമ്മാണം<br>◆ പദസൂര്യൻ<br>◆ ചിത്രവായന<br>◆ കഥാരചന<br>◆ തിരക്കഥാരചന<br>◆ എഡിറ്റിംഗ്<br>◆ പകർത്തിയെഴുത്ത്<br>◆ കേട്ടെഴുത്ത്<br>◆ ഹിന്ദി ടൈപ്പിംഗ് | ഹ്രസ്വം | പേപ്പർ<br>പേന<br>തെർമോകോൾ<br>പുസ്തകങ്ങൾ<br>കളർ<br>പേനകൾ<br>പകർത്തു<br>ബുക്ക്<br>ICTസാധ്യത | PTA<br>SSC | ഭാഷാ<br>അധ്യാപക |
| 2 | വായന | വായനശേഷി വളർത്താനുതകുന്ന പ്രവർത്തനങ്ങൾ :-<br>◆ പ്രീ ടെസ്റ്റുകൾ - വിശകലനം<br>◆ രാഷ്ട്രനേതാക്കൾ, ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് വായനയ്ക്കായി ഒരുക്കും | മദ്ധ്യകാലം | ചിത്രങ്ങൾ<br>പുസ്തകങ്ങൾ | | ഭാഷാ<br>അധ്യാപക |
| | | ◆ ഹിന്ദി പുസ്തകങ്ങളുടെ ഗ്രന്ഥശാല ഉപയോഗപ്പെടുത്തുക ആസ്വാദനക്കുറിപ്പു തയ്യാറാക്കൽ/ ടിപ്പണി എഴുതൽ<br>◆ ബാല ഗീതങ്ങൾ, കവിതാ ശകലങ്ങൾ ലഘു പ്രസംഗങ്ങൾ ഇവ പ്രത്യേക ദിവസങ്ങളിൽ അവതരിപ്പിയ്ക്കും | ദീർഘകാലം | പുസ്തകങ്ങൾ<br>പേപ്പർ<br>പേന | PTA<br>SSC | ഹിന്ദി ക്ലബ്ബ്<br>ഭാഷാ<br>അധ്യാപക |
| 3 | പ്രായോഗിക പ്രവർത്തനങ്ങളും അവതരണങ്ങളും | ◆ ഹിന്ദി ദിനത്തോടനുബന്ധിച്ച് ആഘോഷ പരിപാടികൾ നടത്തുന്നു<br>◆ പോസ്റ്റർ നിർമ്മാണം (ദിനാചരണങ്ങളുമായി ബന്ധപ്പെട്ട്)<br>◆ ബ്രോഷർ നിർമ്മാണം<br>◆ ഹിന്ദി അസംബ്ലി<br>◆ പ്രാർത്ഥന<br>◆ പ്രതിജ്ഞ<br>◆ വാർത്താവായന | ഹ്രസ്വം | കളർ പേനകൾ<br>ചാർട്ട് പേപ്പർ<br>A4 പേപ്പർ<br>പേന | PTA<br>SSC | ഹിന്ദി ക്ലബ്ബ്<br>ഭാഷാ<br>അധ്യാപക |

# മേഖല : അക്കാദമികം

## ഉപമേഖല : സംസ്കൃതപഠനം

### പ്രവർത്തനത്തിന്റെ പേര് : സരള സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃതത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക | പ്രദർശനി | ഹ്രസ്വകാലം | ഭാഷാധ്യാപകൻ | - |
| അക്ഷരജ്ഞാനം കുറവായ കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സുകൾ | പിന്നാക്കം നിൽക്കുന്ന കുട്ടികളെ മികച്ചരീതിയിൽ അവർക്ക് എഴുതാനും വായിക്കാനും സഹായിക്കുന്നു | ദീർഘകാലം | അധ്യാപകൻ | - |
| പദജ്ഞാനം | അക്ഷരങ്ങൾ കൂട്ടി വാക്കുകൾ ഉണ്ടാക്കുന്നു | ഹ്രസ്വകാലം | അധ്യാപകൻ | - |
| ഭാഷാ താത്പര്യം വർദ്ധിപ്പിക്കുന്നു | സംസ്കൃതദിനാചരണം നടത്തുന്നു | ഹ്രസ്വകാലം | അധ്യാപകൻ | 1000/- |
| സർഗ്ഗാത്മക കഴിവുകൾ മെച്ചപ്പെടുത്തുന്നു | കലോത്സവങ്ങളിൽ പങ്കെടുപ്പിക്കുന്നു | ഹ്രസ്വകാലം | ക്ലാസ്സ് ടീച്ചർ (ഭാഷാധ്യാപകൻ) | 1000/- |
| സംസ്കൃത സ്കോളർഷിപ്പിൽ പങ്കെടുപ്പിക്കുന്നു | പഠിച്ച കാര്യങ്ങൾ കുട്ടികൾ ഓർക്കുന്നതിനു സഹായിക്കുന്നു | ദീർഘകാലം | അധ്യാപകർ | 1000/- |
| വായനാശീലം വർദ്ധിപ്പിക്കുന്നു | സംസ്കൃത അസംബ്ലി നടത്തുന്നു | ദീർഘകാലം | ക്ലാസ് ടീച്ചർ (ഭാഷാധ്യാപകൻ) | 1000/- |
| പഠനത്തിനോട് ആകർഷണീയത ഉണ്ടാക്കുന്നു | ICT ഉപയോഗപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ പാഠഭാഗത്തോടു കൂടിയുള്ള അനുബന്ധ പ്രവർത്തനങ്ങൾ | സമയ ബന്ധിതം | ക്ലാസ് ടീച്ചർ (ഭാഷാധ്യാപകൻ) | 1000/- |

| പ്രവർത്തനം : | | | പേര് : | ഗണിതം മധുരം |
|---|---|---|---|---|
| മേഖല : അക്കാദമികം | | | ഉപമേഖല : | ഗണിതം |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1.കുട്ടികളുടെ ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അടിസ്ഥാനാശയങ്ങൾ ഉൾപ്പെടുത്തി പ്രീടെസ്റ്റ് നടത്തിപഠനനില നിർണ്ണയിക്കുന്നു<br>2. എസ്.ആർ.ജിയിൽ റിപ്പോർട്ട് അവതരണം<br>3. സംഖ്യാ ബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ ( വ്യക്തിഗതം, ഗ്രൂപ്പ്) | ഒരു മാസം | ക്ലാസ് ടീച്ചർ, ഗണിതാദ്ധ്യാപിക<br>എസ്.ആർ.ജി | - |
| 2.ഗണിതാസ്വാദനം | **ഗണിതക്ലബ്ബ് രൂപീകരണം**<br>1. ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്വിസ് മൽസരങ്ങൾ, കസൃതിക്കണക്കുകൾഎന്നിവ കണ്ടെത്തി അവതരിപ്പിക്കുന്നു<br>2. പഠനോപകരണ നിർമ്മാണം , പ്രദർശനം<br>3. ഗണിത അസംബ്ലി<br>4. ഗണിത കിറ്റ്<br>5. ചുവർ പത്രിക<br>6. ഗണിത മാഗസിൻ<br>7. ഗണിത പാറ്റേൺ<br>9. ഗണിത മേളകളകൾക്ക് തയ്യാറാക്കൽ | ഒരു വർഷം | ക്ലാസ് ടീച്ചർ, ഗണിതാദ്ധ്യാപിക<br>എസ്.ആർ.ജി<br>പി.റ്റി.എ,<br>ഗണിതക്ലബ്ബ് | 5000/-<br>പി.റ്റി.എ |
| | **ഗണിതപ്പെട്ടി**<br>ഗണിതപ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു സമയം അനുവദിച്ച് വിജയികളെ പ്രഖ്യാപിക്കുന്നു | മാസം തോറും | ക്ലാസ് ടീച്ചർ, ഗണിതാദ്ധ്യാപിക<br>എസ്.ആർ.ജി<br>ഗണിതക്ലബ്ബ് | - |
| | ഗണിതത്തിലെ I C T സാധ്യതകൾ കണ്ടെത്തൽ | ഒരു വർഷം | ഗണിതാദ്ധ്യാപിക<br>ഗണിതക്ലബ്ബ് | 2000/-<br>പി.റ്റി.എ |

മേഖല :അക്കാദമികം — ഉപമേഖല :ശാസ്ത്രപഠനം

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രലാബ് ഒരുക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ശാസ്ത്രപഠന പ്രവർത്തനങ്ങൾ ചെയ്യുവാനും പഠനനേട്ടമുറപ്പിക്കുവാനും ശാസ്ത്രലാബ് ഒരുക്കൽ U.P & L.P | 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ശാസ്ത്രപഠന പ്രവർത്തനങ്ങൾ എഴുതി തയ്യാറാക്കുന്നു.അവ നടത്താൻ വേണ്ട സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു | ഫെബ്രുവരി അവസാനം | ക്ലാസ് ടീച്ചർ സയൻസ് അധ്യാപകർ സയൻസ് ക്ലബ് | |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ , നിർമ്മിക്കേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ എന്നിങ്ങനെ തരം തിരിക്കുന്നു | മെയ് | അധ്യാപകർ സയൻസ് ക്ലബ് എസ്.ആർ.ജി | |
| | സാമഗ്രികൾ വാങ്ങൽ | ജൂൺ | എച്ച് .എം എസ്.ആർ.ജി കൺവീനർ | 3000 രൂപ |
| | പി.റ്റി.എ യോഗത്തിൽ ശാസ്ത്രലാബ് സംബന്ധിച്ച അവതരണം | ജൂൺ | എച്ച് .എം എസ്.ആർ.ജി കൺവീനർ | |
| | പരീക്ഷണ സാമഗ്രികളുടെ നിർമാണശില്പശാലയുടെ ഭാഗമായി രക്ഷകർത്താക്കൾ , പി.റ്റി.എ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ | ജൂലൈ | പി.റ്റി.എ, അദ്ധ്യാപകർ | 3000 രൂപ സ്പോൺസർ ഷിപ്പ് |
| | അലമാരകളുടെ ക്രമീകരണം | ആഗസ്റ്റ് | പി.റ്റി.എ,എച്ച്.എം | 10000 രൂപ സ്പോൺസർ ഷിപ്പ് |
| | സ്കൂൾ ലാബ് സജ്ജമാക്കൽ | സെപ്റ്റംബർ | പി.റ്റി.എ,എച്ച്.എം | പി.റ്റി.എ, 2000 രൂപ |
| | രക്ഷകർത്താക്കൾ , പി.റ്റി.എ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് പരീക്ഷണങ്ങൾ ചെയ്യൽ | | ക്ലാസ് അദ്ധ്യാപകർ, പി.റ്റി.എ | |

| SV HS Pullad-Master Plan-Social Science | | | | | |
|---|---|---|---|---|---|
| SI N o. | **Programmes** | **Activity** | **Duration** | **Materials** | **Sources** |
| 1 | പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>(2 Months) | 1. Pre-test<br>2. സാമൂഹ്യശാസ്ത്രപഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ.<br>3. ചിത്രങ്ങൾ, വീഡിയോ ക്ലിപ്പുകൾ മുതലായവ നിരീക്ഷിച്ച് അഭിപ്രായങ്ങൾ അവതരിപ്പിക്കൽ. | 2 Months | • മഹാന്മാരുടെ ചിത്രങ്ങൾ<br>•വായനാ സാമഗ്രികൾ ചരിത്രസംഭവങ്ങൾ ചിത്രങ്ങൾ മുതലായവയുടെ പ്രദർശനം. | PTA<br>TB<br>SRG<br>Teacher<br>സമഗ്ര<br>Internet (Kfone) |
| 2 | കുട്ടികളെ അവരുടെ ക്ലാസിലെ പാഠപുസ്തകങ്ങൾ വായിപ്പിക്കുവാനും ഉത്തരങ്ങൾ കണ്ടെത്തുവാനും പ്രാപ്തരാക്കുക.<br>'മികച്ച സാമൂഹ്യശാസ്ത്ര പഠിതാവ്.'<br><br>6 Months | 1. പാഠഭാഗങ്ങൾ ഗ്രൂപ്പുതലത്തിലും വ്യക്തിഗതമായും വായിച്ച് ആശയം സ്വാംശീകരിക്കൽ.<br>2. ആശയഗ്രഹണം ബുദ്ധിമുട്ടുള്ള സന്ദർഭങ്ങളിൽ പഠനസാമഗ്രികളുടെ സഹായത്തോടെ പഠനം. | 6 Months | പാഠപുസ്തകങ്ങൾ ലൈബ്രറി (സ്കൂൾ, സമീപ പ്രദേശങ്ങളിലെ) പ്രയോജനപ്പെടുത്തൽ<br>ICT സാധ്യതകളായ വീഡിയോ, ചിത്രങ്ങൾ. | PTA<br>SRG<br>Teacher<br>TB<br>സമഗ്ര<br><br>Internet (Kfone) |
| 3 | നമ്മുടെ രാജ്യത്തെക്കുറിച്ച് മനസിലാക്കുന്നതിന്.<br>(1 Year) | 1. നമ്മുടെ രാജ്യത്തിലെയും ലോകത്തെയും മഹാന്മാരുടെ സംഭാവനകൾ തിരിച്ചറിയുന്നതിനും,അവ നമ്മുടെ ജീവിതത്തിൽ എത്രമാത്രം സ്വാധിനം സ്വാധീനം ചെലിത്തിയിട്ടുണ്ട് എന്ന് തിരിച്ചറിയുക.<br>2. ഭൂപടവായന, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ, അവയുടെ തലസ്ഥാനങ്ങൾ, പ്രധാന നഗരങ്ങൾ എന്നിവ തിരിച്ചറിയൽ.<br>3. പ്രധാന തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ആണവകേന്ദ്രങ്ങൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ, പ്രധാന ചരിത്രസ്മാരകങ്ങൾ എന്നിവ തിരിച്ചറിയൽ. | 1 year | ഭൂപടങ്ങൾ ചാർട്ടുകൾ.<br>വായനാസാമഗ്രുകൾ.<br>വിവിധ ബ്ലോഗുകൾ ജീവചരിത്രങ്ങൾ ആത്മകഥകൾ ക്ലാസിക്കുകൾ ചരിത്ര രേഖകൾ ഭൂമിശാസ്ത്രപരമായ-രേഖപ്പെടുത്തലുകൾ | സമഗ്ര<br>DIET<br>TB<br>ലൈബ്രറി<br>Teacher<br><br>Internet (Kfone) |

| | | | | | |
|---|---|---|---|---|---|
| 4 | 1. സാമൂഹ്യശാസ്ത്ര ലാബ്<br><br>2. ലൈബ്രറി<br><br>3. ഡിജിറ്റൽ ലൈബ്രറി<br><br>(5 Years ) | | 5 Years | അടച്ചുറപ്പുള്ള ക്ലാസ്റൂം, ഗ്ലോബുകൾ, ഭൂപടങ്ങൾ പ്രൊജക്ടർ, ഇ-ബോർഡ്, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും.<br><br>ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, പൗരധർമ്മം ഈ വിഷയങ്ങളിൽ വേണ്ട പുസ്തകങ്ങൾ ഉൾപ്പെടുന്ന അലമാരകൾ.<br><br>CD കൾ, Pendrive, വീഡിയോ ക്ലിപ്പുകൾ, ചരിത്രസിനിമകൾ മുതലായവ | |

**മേഖല : അക്കാദമികം**

**ഉപമേഖല : എസ്.എസ്.എൽ .സി വിജയ ശതമാനം ഉയർത്തൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| എസ്.എസ്.എൽസി കുട്ടികളുടെ വിജയ ശതമാനം ഉയർത്തൽ | ജനുവരി, ഫെബ്രുവരി മാസങ്ങളിൽ രാവിലെ മുതൽ വൈകിട്ടു വരെ (നൈറ്റ് ക്ലാസ് ഉൾപ്പെ ടെ ) പി.റ്റി,എ , രക്ഷകർത്താക്കൾ എന്നിവരുടെ പൂർണ്ണ സഹകരണത്തോടെ റിഫ്രഷ് മെന്റ് നൽകി പ്രത്യേക കോച്ചിങ്ങ് | ഹ്രസ്വം | പി.റ്റി,എ , രക്ഷകർത്താക്കൾ അദ്ധ്യാപകർ ത്രിതല പഞ്ചായത്ത് | 50,000/- സ്പോൺസർഷിപ്പ് |
| | മോട്ടിവേഷൻ ക്ലാസ്സ്, വിലയിരുത്തൽ | | പി.റ്റി,എ , രക്ഷകർത്താക്കൾ അദ്ധ്യാപകർ | |

**മേഖല : അക്കാദമികം** **ഉപമേഖല : കമ്പ്യൂട്ടർ വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐ.ടിയിൽ മികവ് നേടുക | **മലയാളം ടൈപ്പിങ്ങ്** പാഠപുസ്തകത്തിലെ കവിത, ചെറുകഥകൾ എന്നിവ ടൈപ്പ് ചെയ്യുന്നു. പ്രിന്റ് എടുക്കുന്നു | മധ്യകാലം | എസ്.ഐ.റ്റി.സി, കിളിക്കൂട്ടം / ലിറ്റിൽ കൈറ്റ്സ് | 1000/- |

മേഖല : അക്കാദമികം ഉപമേഖല : വൊക്കേഷനൽ ട്രെയിനിംഗ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ സാമൂഹിക ഇടപെടലുകൾ മെച്ചപ്പെടുത്തുന്നതിനു ◌ കൂടുതൽ കാര്യശേഷിയിലേക്ക് എത്തിക്കുന്നതിനും | കുട്ടികളുടെ വ്യത്യസ്ത കഴിവുകൾ കണ്ടെത്തുന്നു | ജനവരി-ഫെബ്രുവരി | റിസോഴ്സ് ടീച്ചർ | - |
| | കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള വസ്തുക്കൾ കണ്ടെത്തി ശേഖരിക്കുന്നു | V.T മാർച്ച്-മെയ് | റിസോഴ്സ് ടീച്ചർ | 1000/- |
| | സാമഗ്രികൾ വാങ്ങുന്നു | ജൂൺ | റിസോഴ്സ് ടീച്ചർ | 2000/- |
| | പി.റ്റി.എ യോഗത്തിൽ അലങ്കാര വസ്തുക്കളുടെ നിർമാണം സംബന്ധിച്ച അവതരണം | ജൂൺ, ജൂലൈ | പി.റ്റി.എ,റിസോഴ്സ് ടീച്ചർ, എച്ച്.എം | - |
| | വസ്തുക്കളുടെ നിർമാണത്തിന്റെ ഭാഗമായി രക്ഷാകർത്താക്കൾ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കുന്നു | ആഗസ്റ്റ് | പി.റ്റി.എ,റിസോഴ്സ് ടീച്ചർ, എച്ച്.എം, ടീച്ചേഴ്സ് | 2000/- സ്പോൺസർഷിപ്പ് |
| | വ്യത്യസ്ത തരത്തിലുള്ള അലങ്കാര വസ്തുക്കളുടെ ശേഖരണം | സെപ്റ്റംബർ | റിസോഴ്സ് ടീച്ചർ | - |
| | രക്ഷാകർത്താക്കൾ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് അലങ്കാര വസ്തുക്കളുടെ നിർമാണം | ഒക്ടോബർ, നവംബർ | പി.റ്റി.എ,റിസോഴ്സ് ടീച്ചർ, എച്ച്.എം, ടീച്ചേഴ്സ് | - |
| | ഉണ്ടാക്കിയ സാധനങ്ങളുടെ പ്രദർശനം | ഡിസംബർ | പി.റ്റി.എ,റിസോഴ്സ് ടീച്ചർ, എച്ച്.എം, ടീച്ചേഴ്സ് | - |

മേഖല : അക്കാദമികം　　　　ഉപമേഖല : കായികം

പ്രവത്തനത്തിന്റെ പേര് : കായിക പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശിലനം കാര്യക്ഷമമാക്കൽ | യോഗാ പരിശീലനം<br>ധ്യാനം, ആസനങ്ങൾ, പ്രാണായാനം | ഓരോ ആഴ്ചയിലും | കായികാദ്ധ്യാപകൻ | 1000/- |
| | ഗേൾസ് ഫുട്ബോൾ ടീം<br>ക്ലാസ് 7,8 .<br>പരിശീലനം തുടരുന്നു | ഓരോ ആഴ്ചയിലും | കായികാദ്ധ്യാപകൻ | 6000/- sponsorship |
| | ബോയ്സ് ഫുട്ബോൾ ടീം<br>ക്ലാസ് 6,7<br>പരിശീലനം തുടരുന്നു | ഓരോ ആഴ്ചയിലും | കായികാദ്ധ്യാപകൻ | - |
| | ഗേൾസ് കബഡി ടീം( H.S)<br>ഹൈജംപ് (U P ,H S)<br>ലോങ്ങ് ജംപ്( (U P ,H S) | ഓരോ ആഴ്ചയിലും<br>ആഴ്ചയിൽ മൂന്നു ദിവസം | കായികാദ്ധ്യാപകൻ | - |
| കുട്ടികളുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിന് | മൈനർ ഗെയിംസ്<br>വിജയികൾക്ക് പാരിതോഷികം | ഓരോ ആഴ്ചയിലും | കായികാദ്ധ്യാപകൻ<br>എച്ച്.എം<br>എസ്.ഐ.റ്റി,സി | - |

മേഖല : അക്കാദമികം　　　　ഉപമേഖല : കലാ വിദ്യാഭ്യാസം

പ്രവത്തനത്തിന്റെ പേര് : കലാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാ പരിശിലനം കാര്യക്ഷമമാക്കൽ | കുട്ടികളുടെ താത്പര്യ മേഖലകൾ ക്ലാസ് അടിസ്ഥാനത്തിൽ കണ്ടെത്തുന്നു | ഹ്രസ്വകാലം | ക്ലാസ് ടീച്ചർ<br>എച്ച്.എം | - |
| | പ്രാദേശിക വിദഗ്ദരുടെ സേവനം ലഭ്യമാക്കുന്നു | ദീർഘകാലം | പി.റ്റി.എ<br>എച്ച്.എം<br>എസ്.ആർ.ജി | 20,000/- |
| | എല്ലാ കുട്ടികൾക്കും അവസരം ലഭിക്കത്തക്കവണ്ണം പ്രവർത്തന പദ്ധതി | | | - |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കുന്നു | | | |
| | ആവശ്യമായ ഉപകരണങ്ങൾ ശേഖരിക്കുന്നു | | പി.റ്റി.എ<br>എച്ച്.എം<br>എസ്.ആർ.ജി | - |
| | കലാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു | വർഷം തോറും | പി.റ്റി.എ<br>എച്ച്.എം | 5000/- |
| | ചെണ്ട, നൃത്ത ഇനങ്ങൾ, നാടൻ പാട്ട്, സംഗീതം എന്നിവയിൽ പ്രത്യേക പരിശീലനം | വർഷം തോറും | പി.റ്റി.എ<br>പൂർവ വിദ്യാർഥികൾ | 5000/-<br>സ്പോൺസർഷിപ്പ് |

മേഖല: സാമൂഹികം ഉപമേഖല : ലഹരി വിമുക്ത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തുക, ക്യാമ്പസ്സിനേയും സമൂഹത്തേയും ലഹരി വിമുക്തമാക്കുക | ചോദ്യാവലി, നിരീക്ഷണം , രക്ഷകർത്താക്കളുമായുള്ള കൂടിക്കാഴ്ചകൾ | ഹ്രസ്വം | എച്ച്.എം എസ്.ആർ.ജി അദ്ധ്യാപകർ | |
| | ലഹരി വിമുക്ത ക്ലബ് രൂപീകരണം | ഹ്രസ്വം | എസ്.ആർ.ജി അദ്ധ്യാപകർ, | |
| | ജനപ്രധിനിധികൾ, സ്കൂൾ എസ്.പി.സി, അദ്ധ്യാപകർ, പിറ്റിഎ എന്നിവയുടെ നേതൃത്വത്തിൽ സെമിനാറുകൾ, ചർച്ചകൾ, ബോധവത്കരണ ക്ലാസ്സുകൾ | മധ്യകാലം | പി റ്റി എ | 1000/- പി റ്റി എ |
| | പോലീസ്, എക്സൈസ് വകുപ്പുകളുടെ ഇടപെടലുകൾ | ദീർഘകാലം | പി റ്റി എ എസ്.പി.സി | |
| | ഷോർട്ട് ഫിലിം പ്രദർശനം , സിനിമ പോസ്റ്റർ പ്രദർശനം ലഘുലേഖ വിതരണം ചിത്രരചന മത്സരം | മധ്യകാലം | പി റ്റി എ എസ്.പി.സി ഫിലിം, BRC ക്ലബ്ബ് | 2000/- |
| | കുട്ടികൾ താമസിക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം, ലഹരി ഉപയോഗിക്കുന്ന രക്ഷകർത്താക്കളുമായി അഭിമുഖം | ദീർഘകാലം | പി റ്റി എ എസ്.പി.സി അദ്ധ്യാപകർ | |

**മേഖല :അക്കാദമീയം** **ഉപമേഖല :**

**ജൈവപച്ചക്കറികൃഷി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിലെ ഉച്ച ഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ ജൈവകൃഷിയിലൂടെ കണ്ടെത്തുക | എസ്.ആർ.ജിയിൽ കുട്ടികളുടെ കൃഷി വിജ്ഞാനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു | മെയ് അവസാനം | എച്ച്.എം<br>എസ്.ആർ.ജി<br>അദ്ധ്യാപകർ<br>ഹരിതസേന | |
| സ്കൂളിലെ ഉച്ച ഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ ജൈവകൃഷിയിലൂടെ കണ്ടെത്തുക | <u>ഹരിതക്ലബ് രൂപീകരണം(ജൂൺ 5)</u><br><br>5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കുട്ടികൾക്ക് ജൈവപച്ചക്കറികൃഷി രീതിയുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസ് നടത്തുന്നു | ജൂലൈ | എച്ച്.എം<br>എസ്.ആർ.ജി<br>അദ്ധ്യാപകർ<br>ഹരിതസേന | |
| | പുല്ലാട് കൃഷി ഓഫീസിൽ നിന്നും വിത്തുകൾ ശേഖരിക്കുന്നു അദ്ധ്യാപകന്റെ നേതൃത്വത്തിൽ ഗ്രോബാഗ് നിറക്കൽ, നിലം ഒരുക്കൽ | ജൂലൈ | എസ്.ആർ.ജി<br>അദ്ധ്യാപകർ<br>ഹരിതസേന | 1000/- |
| | പി.റ്റി. എയുടെ നേതൃത്വത്തിൽ വിത്തിടീൽ ചടങ്ങ് നടത്തുന്നു | ജൂലൈ | പി റ്റി എ | |
| | പച്ചമുളക്, പയർ. വഴുതന ,വെണ്ടക്ക, തക്കാളി മുതലായവ തെരഞ്ഞെടുക്കുന്നു | ജൂലൈ | പി റ്റി എ<br>ഹരിതക്ലബ് | 1000/- |
| | കാർഷിക വിഭവങ്ങളുടെ | ആഗസ്റ്റ് | പി റ്റി എ | |

| | | | | |
|---|---|---|---|---|
| | വിളവെടുപ്പുത്സവം നടത്തുന്നു<br>മാർച്ചിൽ വിളവെടുപ്പ് നടത്തത്തക്ക രീതിയിൽ മൺസൂൺ കാലത്തിനുശേഷം കരക്കൃഷിയായിട്ട് കപ്പ, വാഴ കതലായവ കൃഷി ചെയ്യുന്നു | സെപ്റ്റംബർ | ഹരിതക്ലബ്<br>പി റ്റി എ ഹരിതക്ലബ് | |
| | കാർഷിക പ്രദർശനം, കുട്ടികൾക്ക് കർഷക പ്രതിഭ അവാർഡ് എന്നിവ നൽകുന്നു | സെപ്റ്റംബർ | എസ്.ആർ.ജി അദ്ധ്യാപകർ ഹരിതസേന | സ്പോൺസർഷിപ്പ് |

മേഖല : അക്കാദമികം　　　ഉപമേഖല　　:ശുചിത്വ പരിപാലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യക്തി ശുചിത്വം , സാമൂഹിക ശുചിത്വം ഇവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും അത് നിത്യജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനും | ജൂൺ ആദ്യ വാരം എസ്.ആർ.ജിയിൽ സ്കൂൾ ശുചിത്വ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച | ജൂൺ | എച്ച്.എം എസ്.ആർ.ജി അദ്ധ്യാപകർ | |
| | കുട്ടികൾക്ക് ബോധവത്കരണ ക്ലാസ്സ്, ഹെൽത്ത് ക്ലബ് രൂപീകരണം | ജൂലൈ | എസ്.ആർ.ജി സയൻസ് അദ്ധ്യാപകർ | 1000/- SSA |
| | ഹെൽത്ത് ക്ലബ് ലീഡേഴ്സിന്റെ യോഗം വിളിച്ച് സ്കൂളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു | ആഗസ്റ്റ് | എസ്.ആർ.ജി സയൻസ് അദ്ധ്യാപകർ | |
| | 1.ക്ലാസ് മുറികൾ വൃത്തിയാക്കൽ 2.സ്കൂൾ പരിസരം വൃത്തിയാക്കൽ 3.പ്ലാസ്റ്റിക് മാലിന്യ ശേഖരണം 4.ഉച്ചഭക്ഷണ അവശിഷ്ടങ്ങൾ റിങ്ങുകളിൽ നിക്ഷേപിക്കൽ 5.വ്യക്തി ശുചിത്വ ബോധവത്ക്കരണം 6.ശുദ്ധജലം കുടിക്കുന്നതിനുള്ള ക്രമീകരണം | ആഗസ്റ്റ് | എസ്.ആർ.ജി സയൻസ് അദ്ധ്യാപകർ ഹെൽത്ത് ക്ലബ് | 5000/- പി റ്റി എ |
| | ക്ലബ് മീറ്റിങ്ങ് കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുന്നു | ആഗസ്റ്റ് | എസ്.ആർ.ജി സയൻസ് അദ്ധ്യാപകർ ഹെൽത്ത് ക്ലബ് | |
| | ശുചിത്വ ക്വിസ്, കൊതുക നിവാരണ പ്രവർത്തനങ്ങളെപ്പറ്റി ബോധവത്കരണ ക്ലാസ് | സെപ്റ്റംബർ | | |

| | | | | |
|---|---|---|---|---|
| | പ്ലാസ്റ്റിക് നിർമാർജന പോസ്റ്ററുകൾ തയ്യാറാക്കൽ, സന്ദേശം വീട്ടുകളിൽ എത്തിക്കൽ | ഒക്ടോബർ | അദ്ധ്യാപകർ ഹെൽത്ത് ക്ലബ് | 500/- പി.റ്റി.എ |
| | ലോക എയ്ഡ്സ് ദിനാചരണം | ഡിസംബർ | സയൻസ് അദ്ധ്യാപകർ | |
| | പകർച്ചവ്യാധികളും ശുചിത്വവും - ഉപന്യാസ രചന | ജനുവരി | സയൻസ് അദ്ധ്യാപകർ | |
| | സ്കൂളിലും വീട്ടിലും പകർച്ച വ്യാധികൾ - വിവരശേഖരണം | ജനുവരി | അദ്ധ്യാപകർ ഹെൽത്ത് ക്ലബ് | |
| | പ്ലാസ്റ്റിക് മാലിന്യസംസ്കരണം വിലയിരുത്തൽ, മികവ് കാണിച്ച കുട്ടികൾക്ക് സമ്മാനങ്ങൾ | ജനുവരി | എച്ച്.എം എസ്.ആർ.ജി അദ്ധ്യാപകർ | 1000/- സപോൺസർഷി |
| | പ്ലാസ്റ്റിക് മാലിന്യസംസ്കരണം വീട്ടുകളിലേക്ക് | ദീർഘകാലം | കുട്ടികൾ | |

മേഖല : സാമൂഹികം ഉപമേഖല :ജൈവവൈവിധ്യ ഉദ്യാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുക | ഉദ്യാന നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുന്നു | ദീർഘകാലം | എച്ച്.എം<br>മാനേജർ<br>പി.റ്റി.എ<br>അദ്ധ്യാപകർ | 25000/-<br>പി,റ്റിഎ<br>എസ്.എസ്.എ<br>ത്രിതല പഞ്ചായത്ത് |
| | ഉദ്യാനത്തിന്റെ രൂപകല്പന, നിർമ്മാണം, പരിപാലനം എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പിക്കുന്നു | | എച്ച്.എം<br>എസ്.ആർ.ജി<br>പി.റ്റി.എ<br>അദ്ധ്യാപകർ<br>എസ്.പി.സി<br>ജെ.ആർ.സി,<br>മറ്റ് കുട്ടികൾ<br>ജനപ്രതിനിധികൾ | |
| | നിലവിലുള്ള മരങ്ങളും കുറ്റിച്ചെടികളും നിലനിർത്തി പ്രാദേശിക വിഭവങ്ങളും വൈദഗ്ധ്യവും ഉപയോഗിച്ചുള്ള നിർമ്മിതിക്ക് പ്രാധാന്യം | | എച്ച്.എം<br>എസ്.ആർ.ജി<br>പി.റ്റി.എ<br>അദ്ധ്യാപകർ<br>എസ്.പി.സി<br>ജെ.ആർ.സി,<br>മറ്റ് കുട്ടികൾ | |
| | ചെടികളുടെ വളർച്ച സ്വഭാവം പരിഗണിച്ച് വിവിധ ചെടികൾ സ്ഥാനം നിർണ്ണയിച്ച് നടുന്നു | | പി.റ്റി.എ<br>അദ്ധ്യാപകർ<br>എസ്.പി.സി<br>ജെ.ആർ.സി,<br>മറ്റ് കുട്ടികൾ | |
| | ജൈവോദ്യാനത്തെ ഒരു ശലഭോദ്യാനമാക്കുന്നു | | അദ്ധ്യാപകർ<br>കുട്ടികൾ | |
| | പ്രകൃതി സംരക്ഷണ കൃഷി രീതികൾ അവലംബിക്കുന്നു | | അദ്ധ്യാപകർ<br>കുട്ടികൾ | |
| | വേലികെട്ടി സംരക്ഷിക്കുന്നു | | അദ്ധ്യാപകർ<br>കുട്ടികൾ | |
| | മഴക്കുഴികൾ ഉണ്ടാക്കി ഭൂഗർഭ ജല സംരക്ഷണം സാധ്യമാക്കുന്നു | | അദ്ധ്യാപകർ<br>കുട്ടികൾ | |
| | ജൈവോദ്യാന രജിസ്റ്റർ സൂക്ഷിക്കുന്നു | | അദ്ധ്യാപകർ<br>കുട്ടികൾ | |

## മോണിട്ടറിംഗ് രീതി

1. വിദ്യാഭ്യാസ വകുപ്പുതല മോണിറ്ററിംഗ്

2. എച്ച്.എം.മോണിട്ടറിംഗ്

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരംക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സ്കൂളിന്റെ സർവതോന്മുഖമായ മാറ്റത്തിന് ഉതകുന്ന തരത്തിലുള്ള പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഏകോപിതവും വ്യത്യസ്തവും പ്രചോദനപരവുമായ പ്രവർത്തനങ്ങളിലൂടെ ഈ വിദ്യാലയത്തെ നാടിന്റെ പഠനവീടാക്കി മാറ്റാം. ഇതിനായി ജനപ്രതിനിധികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും രക്ഷിതാക്കളും അദ്ധ്യാപകരും സമൂഹത്തിലെ ഇതര വിഭാഗങ്ങളുമെല്ലാം ഒത്തുചേരാം, കൈകോർക്കാം. അചഞ്ചലമായ ഇച്ഛാശക്തിയോടെ ഒത്തൊരുമിച്ച് മുന്നേറാം.

**കെ. ലാൽജികുമാർ**
ഹെഡ്മാസ്റ്റർ
എസ്. വി. എച്ച്. എസ്. പുല്ലാട്